27-08-2022

SATURDAY ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : Suraj S. Editor : Dr. Saritha Vijayan K.

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-27/08/2022.

1. **ആഗസ്സ് ഒന്ന് മുതൽ പത്ത് വരെയുള്ള (01.08.2022 മുതൽ 10.08.2022)** കാലയളവിലെ കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തിന് AIMS പോർട്ടൽ വഴി അപേക്ഷിക്കേണ്ട സമയപരിധി **സെപ്റ്റംബർ 06** വരെ നീട്ടിയതായി കൃഷിവകുപ്പ് ഡയറക്ടർ അറിയിച്ചു.

2. കൊല്ലം ജില്ലയിലെ കുരിയോട്ടുമല ഫാം ടൂറിസത്തിന്റെ ഉദ്ഘാടനം ആഗസ്റ്റ് 31-ന് വൈകുന്നേരം 3 മണിക്ക് മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണിയുടെ അദ്ധ്യക്ഷതയിൽ കുരിയോട്ടുമല ഡയറി ഫാമിൽ കൂടുന്ന യോഗത്തിൽ ടൂറിസം - പൊതുമരാമത്ത് വകുപ്പ് മന്ത്രി അഡ്വ. പി.എ മുഹമ്മദ് റിയാസ് നിർവഹിക്കും.

3. നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ 2022 സെപ്റ്റംബർ 2 മുതൽ 4 വരെ കൊച്ചി യിൽ ഹോട്ടൽ ലെ മെറിഡിയനിൽ ലോക നാളികേര ദിനം ആഘോഷവും ശിൽപശാലയും നടക്കും. ആഘോഷങ്ങളുടെ ഉദ്ഘാടനം സെപ്റ്റംബർ 2 ന് കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രി നരേന്ദ്രസിംങ് തോമർ ഗുജറാത്തിലെ ജുനഗഡിൽ വിഡിയോ കോൺഫറൺസിങ്ങിലൂടെ നിർവഹിക്കും. ബോർഡിന്റെ സംസ്ഥാന തല ഓഫീസിന്റെ ഉദ്ഘാടനവും, ബോർഡിന്റെ ദേശീയ പുരസ്കാര ജേതാക്കളുടെയും, എക്സ്പോർട്ട് എക്സലൻസ് അവാർഡു ജേതാക്കളുടെയും പ്രഖ്യാപനവും അദ്ദേഹം നടത്തും. കേന്ദ്ര കൃഷി കർഷക ക്ഷേമ വകുപ്പ് സഹമന്ത്രി കൈലാഷ് ചൗധരി കൊച്ചിയിലെ ചടങ്ങിൽ പങ്കെടുത്ത് അവാർഡുകളുടെ വിതരണം നിർവഹിക്കും. ഈ വർഷം നാളികേര ദിനത്തോടനുബന്ധിച്ച് അവാർഡുകളു ടെ വിതരണവും **നാളികേരത്തിന്റെ നല്ല കൃഷി രീതികൾ** എന്ന വിഷയത്തെ കുറിച്ച് ഇന്ത്യാ ഗവൺമെന്റും, അന്താരാഷ്ട്ര നാളികേര സമൂഹവും സംയുക്തമായി ഹോട്ടൽ ലെ മെറിഡിയനിൽ സംഘടിപ്പിക്കുന്ന ശിൽ പശാലയും ഉണ്ടായിരിക്കും.

4. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം മുതുകുളം ബ്ലോക്ക് പഞ്ചായത്തിലെ കണ്ടല്ലൂർ, മുതുകുളം ഗ്രാമ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ഉദ്ഘാടനം ഇന്ന് (ആഗസ്റ്റ് 27) രാവിലെ 10 30 ന് പുല്ലുകുളങ്ങര എൻഎസ്എസ് കരയോഗ ഹാളിൽ വച്ച് കായംകുളം എംഎൽഎ അഡ്വക്കേറ്റ് യു. പ്രതിഭ നിർവഹിക്കുന്നു. കൃഷിയിട പരീക്ഷണം,

മുൻനിര പ്രദർശനം, പരിശീലന പരിപാടികൾ, കൃഷിയിട പാഠശാല, സംരംഭകത്വ വികസനം തുടങ്ങിയ പരിപാടികളിലൂടെ നൂതന കാർഷിക സാങ്കേതിക വിദ്യകൾ കർഷകരിലേക്ക് എത്തിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതോടനുബന്ധിച്ച് പച്ചക്കറി കൃഷിയിലെ പ്രായോഗിക അറിവുകൾ എന്ന വിഷയത്തിൽ ഒരു സെമിനാറും സംഘടിപ്പിച്ചിട്ടുണ്ട്.

5. തിരുവനന്തപുരം കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ട്രാക്ടർ, ട്രില്ലർ എന്നിവ ഈ മാസം 31-ന് (ആഗസ്റ്റ് 31) രാവിലെ 11 മണിക്ക് ഫാം പരിസരത്ത് വെച്ച് ലേലം ചെയ്ത് വിൽക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിനു മുമ്പായി 1000 രൂപ നിരതദ്രവ്യമായി ഓഫീസിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2732962** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

### പരിശീലന പരിപാടികൾ

6. കാർഷിക സർവ്വകലാശാലയിലെ ഹൈടെക്ക് റിസർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റിൽ **ഹൈഡ്രോപോണിക്സ്** കൃഷിരീതിയിൽ സെപ്റ്റംബർ 22 മുതൽ 24 വരെയുള്ള തീയതികളിൽ 3 ദിവസത്തെ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. താൽപര്യമുള്ളവർ **0487 2960079, 9961533547, 9037033547** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. കുടപ്പനക്കുന്ന് ലൈവ് സ്റ്റോക്ക് മാനേജ്മെൻ്റ് ട്രെയിനിംഗ് സെൻ്റർ നടത്തുന്ന വിവിധ പരിശീലന പരിപാടികളിലേക്ക് മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നതിനായി https://forms.gle/ee1SgTVkVcmqH2Gb9 എന്ന ലിങ്കിൽ ക്ലിക്ക് ചെയ്തു ഗൂഗിൾ ഫോം പൂരിപ്പിച്ച് നൽകേണ്ടതാണെന്ന് പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ അറിയിച്ചു.

8. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ വികസന പരിശീലന കേന്ദ്രത്തിൽ വച്ച് സെപ്റ്റംബർ 1, 2 തീയതികളിൽ തീറ്റപ്പുൽകൃഷിയിൽ ക്ലാസ്സ് റൂം പരിശീലനം നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപയാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ചവരും ആയതിന്റെ സർട്ടിഫിക്കറ്റ് ഉള്ളവരും ആയിരിക്കണം. പരിശീലനാർത്ഥികൾക്ക് അർഹമായ ടി.എ., ഡി.എ. ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ളവർ ഈ മാസം 31-ന് വൈകുന്നേരം 5 മണിക്ക് മുമ്പായി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**8075028868, 9947775978, 0476–2698550** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. റബ്ബറുത്പാദനം സുസ്ഥിരമാക്കുന്നതിന് സഹായകമായ നൂതനകൃഷിരീതികളിൽ റബ്ബർബോർഡിന്റെ പരിശീലനവിഭാഗമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ആഗസ്റ്റ് 30-ന് പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

10. **കേരള കാർഷിക സർവകലാശാലഷ മണ്ണുത്തി നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

- നെൽപ്പാടങ്ങളിൽ ഓലചുരുട്ടി പുഴുവിന്റെയും തണ്ടു തുരപ്പൻ പുഴുവിന്റെയും ആക്രമണം ഉണ്ടാവാനുള്ള സാധ്യതയുണ്ട്. പ്രത്യേകിച്ച് തണൽ ഉള്ളിടത്ത് ആക്രമണം കൂടുതലായിരിക്കും. നെല്ലിലെ ഓലചുരട്ടിപുഴുവിനെ നിയന്ത്രിക്കാൻ ട്രൈക്കോഗ്രാമ ചിലോണിസ് കാർഡും തണ്ടുതുരപ്പനെ നിയന്ത്രിക്കാൻ ട്രൈക്കോഗ്രമ്മ ജപ്പോനിക്കം കാർഡും ഉപയോഗിക്കുക. ഒരു ഏക്കർ പാടശേഖരത്തിന് രണ്ട് സിസി ഡ്രൈക്കോഗ്രാമ കാർഡ് മതിയാകും ഒരു കാർഡ് 10 കഷണമാക്കിയതിനു ശേഷം 5 സെന്റ് സ്ഥലത്തിന് ഒരു കഷ്ണം എന്ന കണക്കിന് നെല്ലോലകളിൽ ഉറപ്പിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ മൂന്ന് മില്ലി ക്ലോറാൻട്രനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക ബാക്ടീരിയമൂലമുള്ള ഇല കരിച്ചിലിനു 20 ഗ്രാം പച്ച ചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി അതിന്റെ തെളിയിൽ 20 ഗ്രാം സ്യൂഡോമോണാസ് ചേർത്ത് തളിച്ച് കൊടുക്കുക

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം